പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 1559 04.12. 2015- ലെ മറുപടി

**വിദേശത്ത് നിന്ന് മൃതദേഹം എത്തിക്കുന്ന നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൻ .എ.നെല്ലിക്കുന്ന് : | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| എ)വിദേശരാജ്യങ്ങളിൽ മരണപ്പെടുന്ന കേരളീയരുടെ മൃതദേഹങ്ങൾ നാട്ടിൽ കൊണ്ടുവന്ന് സംസ്കരിക്കുന്നതിന് സർക്കാർ സ്വീകരിച്ച് വരുന്ന നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ; | എ) വിദേശരാജ്യങ്ങളിൽ മരണപ്പെടുന്ന കേരളീയരുടെ മൃതദേഹങ്ങൾ നാട്ടിൽ കൊണ്ടുവരുന്നതിന് അപേക്ഷ ലഭിച്ചാലുടൻ പ്രസ്തുത രാജ്യത്തിലെ എംബസിയുമായി ബന്ധപ്പെട്ട് അടിയന്തിരമായി മൃതദേഹം നാട്ടിലെത്തിക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്. എന്നാൽ എംബസി മുഖേനയല്ലാതെ നാട്ടിൽ എത്തിക്കുന്ന മൃതദേഹങ്ങളുടെ കാര്യത്തിൽ, മരണമടഞ്ഞ പ്രവാസിയുടെ കുടുംബത്തിനോ, അയാളുടെ ബന്ധുക്കൾക്കോ മറ്റ് ധനാഗമ മാർഗങ്ങളില്ലാത്ത സാഹചര്യത്തിൽ നിബന്ധനകൾക്ക് വിധേയമായി കാരുണ്യം പദ്ധതിയിലൂടെ പരമാവധി 50,000/- രൂപ സഹായമായി നൽകുന്നു. |
| ബി)ഇങ്ങനെയുള്ള മൃതദേഹങ്ങൾ നാട്ടിൽ കൊണ്ടുവരുന്നതിന് വിമാന ടിക്കറ്റ് സർക്കാർ വഹിക്കാറുണ്ടോ; ഉണ്ടെങ്കിൽ ഇതുവരെ എത്ര മൃതദേഹങ്ങൾ സർക്കാരിന്റെ ചിലവിൽ നാട്ടിൽ എത്തിച്ചിട്ടുണ്ട്; | ബി) ഉണ്ട്. വിദേശരാജ്യങ്ങളിൽ മരണമടയുന്ന ഇന്ത്യാക്കാരുടെ മൃതദേഹങ്ങൾ അതാത് രാജ്യങ്ങളിലുള്ള ഇന്ത്യൻ എംബസി വഴിയാണ് നാട്ടിലെത്തിക്കുന്നത്. ഇന്ത്യൻ എംബസി വഴിയല്ലാതെ മൃതദേഹങ്ങൾ നാട്ടിൽ എത്തിക്കുന്നതിനുള്ള ചെലവ് പരമാവധി 50,000/- രൂപ പ്രവാസികാര്യ വകുപ്പിന്റെ കാരുണ്യം പദ്ധതി പ്രകാരം സഹായമായി നൽകിവരുന്നു. ഈ പദ്ധതി പ്രകാരം 26/11/2015 വരെ ആകെ 46 പേർക്ക് ധനസഹായം അനുവദിച്ചു. |

| | |
|---|---|
| സി)വിദേശരാജ്യങ്ങളിൽ മരണപ്പെടുന്ന കേരളീയർക്ക് അവർ ജോലി ചെയ്യുതോ കച്ചവടങ്ങൾ ചെയ്യുതോ ആയ രാജ്യങ്ങളിൽ നിന്ന് കിട്ടേണ്ട ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ കേരള സർക്കാർ ഇടപെടാറുണ്ടോ; എങ്കിൽ ഇങ്ങനെ എത്ര കേസുകളിൽ ഇടപെട്ടിട്ടുണ്ട് എന്നതിന്റെ വിശദാംശം വ്യക്തമാക്കാമോ? | സി) വിദേശരാജ്യങ്ങളിൽ മരണപ്പെടുന്ന കേരളീയരുടെ സർവ്വീസ്/ ബിസിനസ് ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ നോർക്ക റൂട്ട്സ് മുഖേനയും സർക്കാർ മുഖേനയും സഹായിക്കുന്നുണ്ട്. സർവ്വീസ് ആനുകൂല്യങ്ങൾ , ശമ്പള കുടിശ്ശിക എന്നിവ ലഭിക്കുന്നതിന് 2014 ൽ നൂറോളം അപേക്ഷകളും 2015 ൽ അൻപതോളം അപേക്ഷകളും ലഭിച്ചിട്ടുണ്ട്. ഈ അപേക്ഷകളിലെല്ലാം തുടർ നടപടികൾ എംബസ്സിയുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ